# പതിനാലാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1313      03.12.2018 -ൽ മറുപടിക്ക്

**സംസ്ഥാനത്തെ എല്ലാ സി.ബി.എസ്.സി, കെ.വി. സ്കൂളുകളിലും മലയാളഭാഷ പഠനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ സി.ബി.എസ്.സി., കെ.വി. സ്കൂളുകളുൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളം നിർബന്ധമായും പഠിപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | എ | മലയാള ഭാഷ പഠനചട്ടങ്ങൾ-2018, ചട്ടം 3(1) പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താം തരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറെയാണ്. സ്കൂളുകളിൽ മലയാള ഭാഷാപഠനം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് വിശദമായ പരിശോധനാ സംവിധാനം ചട്ടങ്ങളിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവ താഴെപ്പറയുന്നു.<br>സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള പരിശോധന നടത്തുന്നതിനായി എല്ലാ റവന്യൂ വിദ്യാഭ്യാസ ജില്ല തലങ്ങളിലും |

| | | | |
|---|---|---|---|
| | | | പരിശോധകരുടെ പാനൽ രൂപവത്ക്കരിച്ചിട്ടുണ്ട്. (ചട്ടം3) വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ ജില്ലയിലെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള അഞ്ച് (5) ഹൈസ്കൂൾ ടീച്ചർമാർ (മലയാളം) അടങ്ങുന്ന പാനൽ ആണ് രൂപവത്ക്കരിച്ചിട്ടുള്ളത്. ഉപജില്ലകളിലെ പ്രൈമറി സ്കൂളുകളിൽ കൂടി പരിശോധന നടത്തേണ്ടതുള്ളതിനാൽ വിദ്യാഭ്യാസ ജില്ലാ തലത്തിൽ പ്രസ്തുത വിദ്യാഭ്യാസ ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള ഏഴ് (7) ഹൈസ്കൂൾ ടീച്ചർമാരുടെ (മലയാളം) പാനലിനാണ് രൂപം നൽകിയിട്ടുള്ളത്.<br>ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കീഴിലുള്ള ഹൈസ്കൂളുകളിൽ മലയാളഭാഷാ പഠനം വിലയിരുത്തുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, വിദ്യാഭ്യാസ ജില്ലാതല പാനലിൽ നിന്നുള്ള ഒരധ്യാപകൻ എന്നിവർ ചേർന്നാണ് പരിശോധന നടത്തേണ്ടത്. അധ്യയന വർഷം ആരംഭിച്ച് മൂന്നു മാസത്തിനുള്ളിൽ പ്രസ്തുത പരിശോധന പൂർത്തിയാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഫാറം-1 ൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്. (ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ പ്രളയക്കെടുതികൾ മൂലം ഈ വർഷം ഡിസംബർ 31 വരെ സ്കൂൾ പരിശോധനകൾ പൂർത്തിയാക്കുന്നതിന് സാവകാശം നൽകിയിട്ടുണ്ട്.) പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മലയാളഭാഷാ പഠനം വിലയി |

| | | | |
|---|---|---|---|
| | | | രുത്തുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെട്ടുത്തുന്ന ഉദ്യോഗസ്ഥൻ, വിദ്യാഭ്യാസ ജില്ലാതലത്തിൽ പാനലിൽ നിന്നുള്ള ഒരധ്യാപകൻ എന്നിവർ ചേർന്നാണ് പരിശോധന നടത്തേണ്ടത്. ഈ പരിശോധനയുടെ റിപ്പോർട്ടും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഫാറം-1 ൽ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കണം.<br><br>ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ വർഷം മേൽ ഖണ്ഡികകൾ പ്രകാരമുള്ള സ്കൂൾ പരിശോധനകൾ നടത്തി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കും.<br><br>ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീ സർമാരുടെ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ സ്കൂളുകളിൽ പരിശോധന നടത്തി ഒരു മാസത്തിനുള്ളിൽ ഫാറം-2 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഉപ ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെട്ടുത്തുന്ന ഉദ്യോഗസ്ഥൻ, റവന്യൂജില്ലാതല പാനലിലെ ഒരധ്യാപകൻ എന്നിവരാണ് വിദ്യാഭ്യാസ ഉപഡയറക്ടർതല പരിശോധനയ്ക്കായി സ്കൂളുകൾ സന്ദർശിക്കേണ്ടത്.<br>മലയാളം ഭാഷാ പഠനത്തിനായി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ടെന്നും |

| | | | |
|---|---|---|---|
| | | | സമയക്രമം അനുസരിച്ച് പഠന നിലവാരം മൂല്യനിർണയം നടത്തുന്നുണ്ടെന്നും പരിശോധക സംഘം ഉറപ്പ വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ കൃത്യമായി എത്തിക്കുന്നതിനായി ജില്ലാ/ ഉപജില്ലാ ഓഫീസർമാരും, വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും ശ്രദ്ധ പുലർത്തണമെന്നും അറിയിച്ചിട്ടുണ്ട്.<br>2017 ലെ മലയാള ഭാഷാ പഠന ആക്ടിന്റെ 3-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ, പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വകുപ്പിന്റെ തന്നെ 3-ാം ഉപവകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതിനോ, മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന രീതിയിലോ ഉള്ള ബോർഡുകളോ നോട്ടീസുകളോ പ്രദർശിപ്പിക്കുകയോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ നടത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ ലംഘിച്ചാൽ സ്കൂളിന്റെ പ്രഥമാധ്യാപകനിൽ നിന്ന് 5,000/- രൂപ പിഴ ഈടാക്കാൻ മലയാള ഭാഷാപഠന ചട്ടങ്ങൾ- 2018, ചട്ടം 8 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരിശോധനയിൽ ടി വകുപ്പിലെ വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതം പിഴ ചുമത്തുന്നതുൾ |

| | | | |
|---|---|---|---|
| | | | പ്പെടെയുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കണം എന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്.<br>സി.ബി.എസ്.ഇ, സി.ഐ.എസ്.സി.ഇ തുടങ്ങിയ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളും, അൺഎയ്ഡഡ് സ്കൂളുകളും മേൽപ്പറഞ്ഞ നിയമലംഘനം 3 തവണ നടത്തിയാൽ സ്കൂളിന്റെ അംഗീകാരം അല്ലെങ്കിൽ നിരാക്ഷേപപത്രം റദ്ദാക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>ഇത്തരത്തിൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പരിശോധനാ സംവിധാനം കുറ്റമറ്റതാക്കി നടത്തുവാൻ വിശദമായ അറിയിപ്പുകൾ വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. |
| **ബി** | സ്വകാര്യ സ്കൂളുകളുടെ സമ്മർദ്ദത്തിന് വഴങ്ങാതെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ സഹായകരമായ നടപടികൾ സ്വീകരിക്കുമോ ; | **ബി** | മലയാള ഭാഷ പഠന ചട്ടങ്ങളിലെ വ്യവസ്ഥകൾ നടപ്പാക്കുന്ന കാര്യത്തിൽ ആരിൽ നിന്നും സമ്മർദ്ദമൊന്നും ഉണ്ടാകുന്നതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. നിർബന്ധിച്ച് ഭാഷ പഠിപ്പിക്കാനുള്ള വ്യവസ്ഥകളൊന്നും ചട്ടങ്ങളിലില്ല. |
| **സി** | അയൽ സംസ്ഥാനങ്ങളിൽ കെ.വി. സ്കൂളുകളിലുൾപ്പെടെ മാതൃഭാഷ നിർബന്ധമായും പഠിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **സി** | ഇല്ല |
| **ഡി** | എങ്കിൽ മലയാളഭാഷ പഠനം ഇത്തരം സ്കൂളുകളിൽ മാത്രം യാത്ഥാർത്ഥ്യമാകാതെ പോകുന്നതിന്റെ കാരണം | **ഡി** | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷ പഠനം സാധ്യമാക്കാൻ വേണ്ടി തന്നെയാണ് 2018 ലെ മലയാള |

| | | | |
|---|---|---|---|
| | അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിക്കാൻ തയ്യാറാകുമോ ; | | ഭാഷ പഠന ചട്ടങ്ങൾ നിലവിൽ വന്നിരിക്കുന്നത് അതിൽ സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളും ഉൾപ്പെട്ടും |
| ഇ | ഈ അധ്യയന വർഷം തന്നെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും മലയാളം മറ്റ് ഭാഷകളോടൊപ്പം പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ക്രിയാത്മകമായ നടപടി സ്വീകരിക്കുമോ; | ഇ | നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| എഫ് | ഇക്കാര്യത്തിൽ ഏതെങ്കിലും സ്കൂളുകൾക്ക് ഇളവ് നൽകുന്നതിന് ആലോചനയുണ്ടോ;എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ? | എഫ് | ഇല്ല . |

(signature)
സെക്ഷൻ ഓഫീസർ